# MUTHOOTTU MINI FINANCIERS LTD (MICRO FINANCE)

- വായ്പ പദ്ധതികൾ

| LOAN AMOUNT | Tenure (Weeks) | Interest | Processing Fee (1.5 %) | SGST (9%) | CGST (9%) | Insurance | EWI amount |
|---|---|---|---|---|---|---|---|
| 10000 | 52 | 26 | 150 | 13.5 | 13.5 | 120 | 219 |
| 15000 | 52 | 26 | 225 | 20.25 | 20.25 | 180 | 329 |
| 20000 | 52 | 26 | 300 | 27 | 27 | 240 | 438 |
| 25000 | 52 | 26 | 375 | 33.75 | 33.75 | 300 | 548 |
| 30000 | 104 | 26 | 450 | 40.5 | 40.5 | 720 | 371 |
| 35000 | 104 | 26 | 525 | 47.25 | 47.25 | 840 | 433 |
| 40000 | 104 | 26 | 600 | 54 | 54 | 960 | 494 |
| 45000 | 104 | 26 | 675 | 60.75 | 60.75 | 1080 | 556 |
| 50000 | 104 | 26 | 750 | 67.5 | 67.5 | 1200 | 618 |
| 55000 | 104 | 26 | 825 | 74.25 | 74.25 | 1320 | 682 |
| 60000 | 104 | 26 | 900 | 81 | 81 | 1440 | 744 |
| 65000 | 104 | 26 | 975 | 87.75 | 87.75 | 1560 | 806 |
| 70000 | 104 | 26 | 1050 | 94.5 | 94.5 | 1680 | 868 |
| 75000 | 104 | 26 | 1125 | 101.25 | 101.25 | 1800 | 930 |
| 80000 | 104 | 26 | 1200 | 108 | 108 | 1920 | 992 |
| 90000 | 156 | 26 | 1350 | 121.5 | 121.5 | 3240 | 832 |
| 100000 | 156 | 26 | 1500 | 135 | 135 | 3600 | 924 |

- മൈക്രോ ഫൈനാൻസുമായി ബന്ധപ്പെട്ട പരാതികൾക്ക്

ഹെഡ് ഓഫീസ് ഫോൺ നമ്പർ : 04842912237

ഇമെയിൽ : mfcomplaints@muthoottumini.com

<u>നിബന്ധനകളും വ്യവസ്ഥകളും</u>

1. വായ്പതുക....... ശതമാനം അടക്കുംതോറും കുറഞ്ഞുവരുന്ന വാര്ഷിക പലിശസഹിതം കരാറിനൊപ്പമുള്ള അനുബന്ധം ആയി ചേര്ത്തിട്ടുള്ള തിരിച്ചടവ് പട്ടികയില് സൂചിപ്പിച്ചിട്ടുള്ള തവണകളിലും തീയതികളിലും തിരിച്ചടച്ചുകൊള്ളാമെന്ന് അധമര്ണ്ണന് ഇതിനാല് സമ്മതിച്ചിരിക്കുന്നു.
2. വായ്പ കരാര് പ്രകാരം നിലവിലുള്ള പലിശയും, പ്രോസസിംഗ് ഫീസും ഒടുക്കുന്നതിന് അധമര്ണ്ണന് ഇതിനാല് സമ്മതിച്ചിരിക്കുന്നു.
3. .......ലൈഫ് ഇന്ഷുറന്സ് കമ്പനി ലിമിറ്റഡിന്റെ ക്രെഡിറ്റ് ഷീല്ഡ് പദ്ധതിയില് അംഗത്വത്തിന് അധമര്ണ്ണന്/ജാമ്യക്കാര് ചേര്ന്നിട്ടുള്ളതും പ്രീമിയം രസീത് കൈപ്പറ്റിയിട്ടുള്ളതും ആകുന്നു.
4. വായ്പതുക സമ്മതിപ്പിച്ചുറപ്പിച്ച കാര്യത്തിനുവേണ്ടി മാത്രമേ ചിലവഴിക്കുകയുള്ളുഎന്നും ഇതിനാല് അധമര്ണ്ണന് സമ്മതിച്ചിരിക്കുന്നു.
5. മേല്പറഞ്ഞ തുകകള് തിരികെ അടച്ചുകൊള്ളാമെന്ന് സഹ അധമര്ണ്ണന്മാര് /ജാമ്യക്കാര്/ അംഗങ്ങള് ഒറ്റയ്ക്കും കൂട്ടായും ഉറപ്പ് നല്കുന്നു.
6. ഉത്തമര്ണ്ണന് ടി തുക ജാമ്യക്കാരില് നിന്നും ചെലവുസഹിതം ഈടാക്കി എടുക്കുന്നതിന് അവകാശമുണ്ടായിരിക്കും.
7. സമയാസമയങ്ങളില് ടി വായ്പാ കരാറില് മാറ്റങ്ങള് വരുത്തുവാന് ഉത്തമര്ണ്ണന് അധികാരമുണ്ടായിരിക്കുന്നതും ടി കരാറിലെ മാറ്റങ്ങള് അധമര്ണ്ണനെ ബോധ്യപ്പെടുത്തേണ്ടതും ടി കരാറിലെ മാറ്റങ്ങള് ഉടനടി പ്രാബല്യത്തില് വരുന്നതുമാണ്.
8. വായ്പയെയോ കരാറിനെയോ സംബന്ധിച്ച് തര്ക്കമുള്ള പക്ഷം ടി സംഗതി മധ്യസ്ഥ തീരുമാനത്തിനു വിടേണ്ടതും 1966 ലെ ആര്ബിട്രേഷന് ആന്ഡ് കണ്സിലീയേഷന് ആക്ടിലെയോ, നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മധ്യസ്ഥന് വിധികളോ ഇടക്കാല ഉത്തരവുകളോ പുറപ്പെടുവിക്കാന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരമുള്ള മധ്യസ്ഥ നടപടികള് ഇംഗ്ലീഷ് ഭാഷയിലും വേദി കൊച്ചിയും ആയിരിക്കുന്നതാണ്. മറ്റു നിയമനടപടികളും കൊച്ചികോടതിയുടെ അധികാരപരിധിയിലായിരിക്കും.
9. ഈ കരാര് പ്രകാരം ഉത്തമര്ണ്ണനില്നിന്ന് അധമര്ണ്ണന് എടുക്കുന്ന വായ്പ/കടമകള്/ ഗുണാനുഭവങ്ങള് എന്നിവ ഉത്തമര്ണ്ണന്റെ തീരുമാന പ്രകാരം പൂര്ണ്ണമായോ ഭാഗീകമായോ വില്ക്കുന്നതിനോ മാറ്റികൊടുക്കുന്നതിനോ, ഏല്പ്പിക്കുന്നതിനോ, ഉത്തമര്ണ്ണനു പൂര്ണ്ണ അവകാശമുണ്ടെന്ന് സമ്മതിച്ച് അംഗീകരിച്ചിരിക്കുന്നു. അപ്രകാരം ചെയ്യുന്ന പക്ഷം ഈ കരാറിലെ വ്യവസ്ഥകള്ക്ക് വിധേയമായി ഉത്തമര്ണ്ണന് നിര്ദ്ദേശിക്കുന്ന സ്ഥാപനം/ സ്ഥാപനങ്ങള്/വ്യക്തി/വ്യക്തികള് എന്നിവര്ക്ക് വായ്പതിരിച്ചടക്കാമെന്നും,അധമര്ണ്ണന്/ജാമ്യക്കാര് സമ്മതിച്ചിട്ടുള്ളതുമാകുന്നു. ഇതില് പറഞ്ഞിരിക്കുന്ന കടമകള് മാറ്റുന്നതിനോ മറ്റൊരാളെ

ഏല്പ്പിക്കുന്നതിനോ അധമര്ണ്ണനോ ജാമ്യക്കാര്ക്കോ ഗ്രൂപ്പ്/ സെന്റര് അംഗങ്ങള്ക്കോ അവകാശം ഉണ്ടായിരിക്കുന്നതല്ല.

10. അധർമാണന് /ജാമ്യക്കാരൻ എന്നിവരെ സംബന്ധിച്ചുള്ള വായ്പാവിവരങ്ങൾ / വായ്പ അവസ്ഥ മുതലായവ ധനകാര്യസ്ഥാപനങ്ങൾ / ബാങ്കുകൾ / വായ്പാസ്ഥാപനങ്ങൾ, നിയമപരമായുള്ള നിയന്ത്രണസ്ഥാപനങ്ങൾ മുതലായവരോട് ഏതു സമയത്തും ഏതു സന്ദർഭത്തിലും ആവശ്യമാണെന് ഉത്തമര്ണ്ണന് ബോധ്യമാകുമ്പോൾ വെളിപ്പെടുത്തുകയോ പങ്കുവെക്കുകയോ ചെയ്യാവുന്നതാണ്

11. അധമര്ണ്ണനോ/ജാമ്യക്കാരോ/അംഗങ്ങളോ വായ്പതുകയോ മറ്റേതെങ്കിലും തുകയോ ഭാഗികമായോ അല്ലാതെയോ അടക്കാതെ വരുമ്പോള് അധമര്ണ്ണന്/ജാമ്യക്കാര്/ അംഗങ്ങള് എന്നിവരുടെ പേരു വിവരങ്ങള്, നിയമപരമായ ഓഫീസ്, ബാങ്കുകള്, റിസര്വ് ബാങ്ക് മറ്റേതെങ്കിലും സംഘടന എന്നിവയില് അംഗമായ ഉത്തമര്ണ്ണന് വെളിപ്പെടുത്താന് ഒറ്റയ്ക്കും കൂട്ടായും അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു.

12. ഈ കരാറിന്റെയും അതിന്റെ ഉള്ളടക്കത്തെയുംക്കുറിച്ച് അധമര്ണ്ണര്/ജാമ്യക്കാര് ഒറ്റക്കും കൂട്ടായും വായിച്ച് മനസ്സിലാക്കിയിട്ടുള്ളതും അവരവരുടെ നാട്ടുഭാഷയില് വായിച്ചു കേള്പ്പിച്ചു മനസ്സിലാക്കിയിട്ടുള്ളതും അതിലെ നിബന്ധനകളും വ്യവസ്ഥകളും എല്ലാവരും പൂര്ണ്ണ ബോദ്ധ്യത്തോടെ സമ്മതിച്ചിട്ടുള്ളതും അവരവരുടെ സ്വന്തം ഇഷ്ടപക്രാരം കാര്യങ്ങള് മനസിലാക്കി ഒപ്പിട്ടിട്ടുള്ളതുമാകുന്നു.

13. ഈ കരാറിന് പക്രാരമോ മറ്റേതെങ്കിലും കരാര് പ്രാകാരമോ ഉള്ള കുടിശ്ശിക നിലനില്ക്കവേ തന്നെ മറ്റൊരു വായ്പാ സഹായം ഉത്തമര്ണ്ണനില് നിന്നും അധമര്ണ്ണനോ ജാമ്യക്കാരനോ അംഗങ്ങള്ക്കോ അനുവദിച്ചു കിട്ടിയാല് കുടിശ്ശിക തുകയിന്മേലുള്ള സെക്യൂരിറ്റി വിടുതല് ചെയ്ത് തരുവാന് ഉത്തമര്ണ്ണന് ബാധ്യസ്ഥനല്ലെന്നും കുടിശ്ശിക തുകയിലേയ്ക്കു ടി സെക്യൂരിറ്റി ബാധകമാകുന്നതിന് സമ്മതമാണെന്നും ഇതിനാല് ഒറ്റയ്ക്കും കൂട്ടായും സമ്മതിച്ചിട്ടുള്ളതാകുന്നു.

14. വായ്പാ അപേക്ഷയിലും മറ്റു രേഖകളിലും കൊടുത്തിട്ടുള്ള വിവരങ്ങള് എല്ലാം തന്നെ വളരെ ശരിയാണെന്നും നേരിട്ടോ, അല്ലാതെയോ തെറ്റായ വിവരമോ കള്ളത്തരമോ ചെയ്തിട്ടില്ലെന്നും സത്യപത്രിജ്ഞ ചെയ്യുന്നു. ഇതിനു വിപരീതമായി സംഭവിച്ചാല് ഏര്പ്പെട്ടിട്ടുള്ള കരാര് റദ്ദാക്കുന്നതിനും ഏതെങ്കിലും അക്കൗണ്ട് പക്രാരം ഒടുക്കിയിട്ടുള്ള തുക കണ്ടുകെട്ടുന്നതിനും ഉത്തമര്ണ്ണന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് ഒറ്റയ്ക്കും കൂട്ടായും സമ്മതിച്ചിട്ടുള്ളതാകുന്നു.

15. അധമര്ണ്ണന്/ജാമ്യക്കാര്/അംഗങ്ങള് ഇവര് അയക്കുന്ന നോട്ടീസ് മറ്റുരേഖകള് ഇവ മുത്തൂറ്റ് മിനി ഫിനാന്സിയേഴ്സ്, 12ാം നില, മുത്തൂറ്റ് മിനി റോയല് ടവര് എറണാകുളം 682 017 എന്ന വിലാസത്തില് അയക്കേണ്ടതാണ്.

16. വായ്പാ, കുടിശ്ശിക തിരിച്ചുപിടിക്കാനുള്ള ജപ്തി നടപടികള്ക്കുണ്ടാകുന്ന എല്ലാവിധ ചെലവുകള്ക്കും അധമര്ണ്ണന്/ജാമ്യക്കാര്/ഗ്രൂപ്പ്അംഗങ്ങള് ഉത്തരവാദികള് ആയിരിക്കുന്ന താണ്.

17. കുറഞ്ഞത് 30 ദിവസത്തെ മുന്കൂര് നോട്ടീസ് നടപ്പാക്കിയശേഷം അധമര്ണ്ണനോ ജാമ്യക്കാര്ക്കോ അംഗങ്ങള്ക്കോ ബാക്കിയുള്ള മുഴുവന് വായ്പ കുടിശ്ശികയും മുന്കൂര് അടക്കാവുന്നതാണ്.

18. അധമര്ണ്ണനോ ജാമ്യക്കാര്ക്കോ, അംഗങ്ങള്ക്കോ യാതൊരു കാരണവും കൂടാതെ 15 ദിവസത്തെ നോട്ടീസ് നല്കി കരാര് അവസാനിപ്പിക്കാന് ഉത്തമര്ണ്ണനു അവകാശമുണ്ടായിരിക്കുന്നതും അപ്രകാരം നോട്ടീസ് ലഭിച്ചാല് ഏഴു ദിവസത്തിനകം തന്നെ അധമര്ണ്ണന്/ജാമ്യക്കാര് എന്നിവര് ഒറ്റയ്ക്കോ കൂട്ടായോ സമ്മതിച്ചിട്ടുള്ള കണക്കുപ്രകാരം എല്ലാ സാമ്പത്തിക ഇടപാടുകളും കുടിശ്ശികയും മറ്റുപലിശയും സഹിതം അടച്ചു തീര്ക്കേണ്ടതുമാണ്. ഉത്തമര്ണ്ണന് അയക്കുന്ന ഏതൊരു നോട്ടീസും ഗ്രൂപ്പ് സെന്റര് അംഗങ്ങള്ക്ക് ഒറ്റയ്ക്കും കൂട്ടായും അയക്കുന്നതാണെന്ന് അവര് കണക്കാക്കേണ്ടതും ഒരാള്ക്കുമാത്രമേ നോട്ടീസ് അയച്ചിട്ടുള്ളൂ എങ്കില് പോലും അത് എല്ലാവര്ക്കും ബാധകമാണെന്നും സമ്മതിച്ചിട്ടുള്ളതാകുന്നു.

19. അധമര്ണ്ണന്, ജാമ്യക്കാര്, അംഗങ്ങള് കൂട്ടായും പ്രത്യേകമായും ഇപ്പോഴുള്ള ജാമ്യത്തെ തുടര് ജാമ്യമായി അംഗീകരിച്ചിരിക്കുന്നു. ഓരോരുത്തരുടേയും ബാദ്ധ്യത കുടിശ്ശിക വരുത്തുന്ന അംഗം ഉള്പ്പെടെയുള്ള അംഗങ്ങളിലേയ്ക്ക് സമവ്യാപ്തമാക്കുകയും ചെയ്യുന്നതാകുന്നു. ഉത്തമര്ണ്ണനു കാരണമൊന്നും കാണിക്കാതെ തന്നെ വായ്പ തിരിച്ചുപിടിക്കാന് അവകാശമുണ്ടായിരിക്കുന്നതാണ്.

20. അധമര്ണ്ണന്, ജാമ്യക്കാര്, അംഗങ്ങള്, എന്നിവര് അടച്ചിട്ടുള്ള തുകകളുടെ രേഖകള് കരാര് സമയത്തും അതിനുശേഷവും കുടിശ്ശിക ഇല്ല എന്നുള്ള രേഖ കിട്ടുന്നതുവരെ സൂക്ഷിക്കേണ്ടതാകുന്നു. തുക ഒടുക്കുന്നതിനുമുമ്പ് ഉത്തമര്ണ്ണന് അധികാരപ്പെടുത്തിയ പത്രിനിധികള് തന്നെയാണോ എന്നും ഉറപ്പുവരുത്തേണ്ടതും ഉത്തമര്ണ്ണന് വിതരണം ചെയ്തിട്ടുള്ള ടി ആളുകളുടെ തിരിച്ചറിയല് കാര്ഡ് പരിശോധിക്കേ ണ്ടതും തിരിച്ചറിയല് കാര്ഡ് നമ്പര് അധമര്ണ്ണന് സൂക്ഷിക്കേണ്ടതും ആകുന്നു. നിയമപ്രകാരമുള്ള രസീതുകള് ഹാജരാക്കാന് കഴിയാ ത്തപക്ഷം യാതൊരുതുകയും ഉത്തമര്ണ്ണന് കിട്ടിയിട്ടുള്ളതായി കണക്കാക്കേണ്ടതില്ല എന്നും സമ്മതിച്ചിരിക്കുന്നു. ഈ കരാറിന് പ്രകാരം ഉത്തമര്ണ്ണന് തുക ഒടുക്കിയ

രേഖകള് ഹാജരാക്കുന്നതിനുഏതു സമയത്തും അധമര്ണ്ണനോട് ആവശ്യപ്പെടാവുന്നതും അധമര്ണ്ണന്
അതിനു ബാദ്ധ്യസ്ഥനുമാകുന്നു.

21. വായ്പാ തുക സാമൂഹ്യവിരുദ്ധ പ്രവര്ത്തനത്തിനോ ഊഹക്കച്ചവടത്തിനോ ഉപയോഗിക്കില്ലെന്ന് അധമര്ണ്ണന് / ജാമ്യക്കാര്,അംഗങ്ങള് എന്നിവര് സമ്മതിച്ചിരിക്കുന്നു.

22. ഒറ്റത്തവണ നടപടിക്രമ ഫീസ് …… ഉത്തമര്ണ്ണന് കൊടുക്കേണ്ടതും അധമര്ണ്ണന്റെ കൈയ്യില്നിന്നും ഏതുരീതിയിലും ടി ഫീസ് ഈടാക്കാ
നുള്ള സ്വാതന്ത്ര്യവും ഉത്തമര്ണ്ണന് ഉണ്ടായിരിക്കുന്നതുമാണ്.

23. ഉത്തമര്ണ്ണന് നിലവിലുള്ള വായ്പാനിരക്ക്, വായ്പ ലഭ്യത മറ്റുകാരണങ്ങള് എന്നിവയെ അടിസ്ഥാനപ്പെടുത്തി പലിശ നിരക്ക് വ്യത്യാസപ്പെടുത്താന് അധികാരം ഉള്ളതുമാകുന്നു.

24. പലിശ, പ്രൊസസിംഗ് ഫീസ്, സേവനികുതി, ഇന്ഷുറന്സ്, ഗഡു എന്നിവയക്കായി വായ്പകരാറില്/സാങ്ഷന് ലെറ്ററില് കാണിച്ചിരി
ക്കുന്ന തുകയല്ലാതെ മറ്റു ചാര്ജുകളോ, പിഴപലിശകളോ ഉത്തമര്ണ്ണന് അധമര്ണ്ണന്/ജാമ്യക്കാര്, അംഗങ്ങള് എന്നിവരില് നിന്ന് ഈടാക്കുന്നതല്ല.

25. സമയബന്ധിതമായി പരാതി പരിഹരിക്കുന്നതിനും, ജീവനക്കാരുടെ പെരുമാറ്റ ദൂഷ്യം തടയുന്നതിനും കമ്പനിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

26. വായ്പാ അക്കൗണ്ട് നേരത്തെ ക്ലോസുചെയ്യാനു പിഴ ഈടാക്കുന്നതല്ല.

27. അധമര്ണ്ണന് ഒന്നില് കൂടുതല് എസ്.എച്ച്.ജി/ജെ. എല്. ജി യില് അംഗമായിരക്കാന് പാടുള്ളതല്ലാത്തതും ഉത്തമര്ണ്ണന് അധമര്ണ്ണനില് നിന്നും യാതൊരുവിധ സെക്യൂരിറ്റി നിക്ഷേപം/മാര്ജിന് സ്വീകരിക്കാന് പാടില്ലാത്തതുമാകുന്നു.

28. വായ്പാ വിതരണ ദിവസത്തിനും ഒന്നാം തിരിച്ചടവ് ദിവസത്തിനും ഇടയ്ക്ക് ഏഴുദിവസത്തെ കാലാവധി നീട്ടികൊടുക്കല് ഉണ്ടായിരിക്കുന്നതാണ്.

29. ഇടപാടുകാരുടെ വിവരങ്ങള് രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

ടി കരാര് സാക്ഷികളുടെ സാന്നിദ്ധ്യത്തില് മുന്പറഞ്ഞ വര്ഷത്തിലും മാസത്തിലും ദിവസത്തിലും ടി നിബന്ധന പ്രകാരവും വ്യവസ്ഥകള് പ്രകാരവും പരസ്പരം സമ്മതിച്ച് എറണാകുളത്തുവച്ച് എക്സിക്യൂട്ടീവ് ചെയ്തിരിക്കുന്നു.

30. ഈ ഗ്രൂപ്പില് പുതിയതായി മെമ്പറിനെ ചേര്ക്കുന്നതിനും മുത്തൂറ്റിന് അവകാശമുണ്ടായിരിക്കുന്നതും ആയതിന് ഞങ്ങള് സമ്മതിച്ചിട്ടുള്ളതുമാകുന്നു.

31. മേല് പ്രകാരം പുതിയതായി ചേര്ക്കുന്ന അംഗങ്ങളുടെ ബാദ്ധ്യതയ്ക്ക് ഞങ്ങള്ക്കും ഉത്തരവാദിത്വം ഉണ്ടായിരിക്കുമെന്നും ഇതിനാല് സമ്മതിച്ചിരിക്കുന്നു.

ഈ ഗ്രൂപ്പില് നിലവില് ഉള്ള അംഗങ്ങളുടെ ബാദ്ധ്യതയ്ക്കും ഞങ്ങള്ക്കും ഉത്തരവാദിത്വം ഉണ്ടായിരിക്കുമെന്നും ഇതിനാല് സമ്മതിച്ചിരിക്കുന്നു.

32. കൃത്യസമയത്ത് പ്രതിവാര/ദ്വൈവാര/ പ്രതിമാസ യോഗങ്ങളില് പങ്കെടുക്കുകയും തവണകള് മുടങ്ങാതെ അടക്കുകയും ചെയ്യുന്നതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക ഈടാക്കുന്നതിന് നിയമാ നുസൃതമായ നടപടികള് സ്വീകരിക്കുന്നതിനു ഗ്രൂപ്പിനും സ്ഥാപനത്തിനും അധികാരം ഉണ്ടായിരിക്കുന്നതാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

33. വായ്പാ തുക ബിസിനസ് ആവശ്യത്തിനായി മാത്രമേ ഉപയോഗിക്കുകയുള്ളൂ.

34. എല്ലാ വ്യവസ്ഥകളും നിയമങ്ങളും കര്ശനമായി പാലിക്കുന്നതാണ്.

35. സമൂഹത്തോടുള്ള ഉത്തരവാദിത്വം ഞാന് നിറവേറ്റുന്നതാണ്.

36. മുത്തൂറ്റ് മിനി ഫിനാന്സിയേഴ്സിന്റെ പലിശ നിരക്ക്, പ്രൊസസിംങ് ഫീ, എന്നിവ റിസര്വ് ബാങ്കിന്റെ നിയമാവലി അനുസരിച്ചാണ് ഈടാക്കുന്നത്.

37. മുത്തൂറ്റ് മിനി ഫിനാന്സിയേഴ്സിന്റെ നിയമമനുസരിച്ച് വായ്പ കൈപ്പറ്റുന്നവരുടെ പക്കല്നിന്ന് യാതൊരു പണയ വസ്തുവും ഈടാക്കുന്നതല്ല.

38. ഓണം, വിഷു പോലുള്ള പ്രാദേശിക ഉത്സവ വേളകളില് ഇടപാടുകരെ മുന്കൂട്ടി അറിയിച്ച് തവണ ഈടാക്കുന്നതാണ്.

39. വാർഷിക കുടുംബ വരുമാനം 3 ലക്ഷം വരെയുള്ളവർക്ക് കൊടുക്കുന്ന ഈടില്ലാത്ത വായ്പ്പയാണ് മൈക്രോ ഫിനാൻസ് ലോൺ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

40. മാസ കുടുംബ ബാദ്ധ്യത മൊത്തം വരുമാനത്തിന്റെ 50 % ആയി നിജപ്പെടുത്തിയിരിക്കുന്നു

41. അടവുകൾ താമസിക്കുന്ന പക്ഷം കുടിശികയ്ക്ക് പലിശ ഈടാക്കുന്നതാണ്.

42. രണ്ടോ അതിലധികമോ ഗഡുക്കളിൽ വീഴ്ച വരുത്തുന്ന പക്ഷം വായ്പ എടുത്ത ആളുടെ വീട്ടിലോ ജോലി സ്ഥലത്തോ വന്ന് കുടിശിഖ പിരിക്കാൻ സ്റ്റാഫിന് അനുമതി ഉള്ളതാകുന്നു

43. സ്റ്റാഫിന് കുടിശിഖ പിരിക്കുവാൻ കർക്കശമായ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

44. വായ്പ എടുത്ത വ്യക്തിക്ക് എന്തെങ്കിലും പരാതി ഉള്ള പക്ഷം മാനേജര് /ആര്. എം എന്നിവരെ സെന്റര് രജിസ്റ്ററില് നല്കിയിട്ടുള്ള നമ്പറില്ബന്ധപ്പെടാവുന്നതാണ്. അതില് തൃപ്തരല്ലാത്തവര് ഓഫീസര് ഇന് ചാര്ജ് കംപയ്ലിന്റ്സ് എറണാകുളം ഹെഡ് ഓഫീസില് - 0484 - 2912237 എന്ന നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.